1 ഏക്കർ 10 സെൻറ് ഫോറസ്റ്റ് ഭൂമി പ്രസ്തുത ക്ഷേത്രത്തിനു് വിട്ടുകിട്ടണമെന്നുള്ള നിവേദനത്തിൽ എന്തെങ്കിലും തീരുമാനമെടുത്തുവോ;

(ബി) പ്രസ്തുത ആവശ്യത്തിനു് അനുകൂലമായ ശുപാർശകൾ വകുപ്പു ഉദ്യോഗസ്ഥന്മാർ നടത്തിയിട്ടും അനുകൂലമായ ഉത്തരവു് പുറപ്പെടുവിക്കാതിരിക്കാൻ കാരണമെന്തു്?

ഉത്തരം

(എ) ഇല്ല.
(ബി) ഈ കാര്യം പരിഗണനയിലാണു്.

Demonstrations in the Visitor's Gallery

മി. സ്പീക്കർ: ഇന്നു് ഈ സഭയിലെ ഗ്യാലറിയിൽ വന്നിരുന്നു് ബഹളം കൂട്ടിയ രണ്ടോളുകളെ പിടിച്ചുവച്ചിട്ടുണ്ടു്. അക്കാര്യം സംബന്ധിച്ചു് എന്തുചെയ്യണമെന്നാണു് ബഹുമാനപ്പെട്ട മെമ്പറന്മാരുടെ അഭിപ്രായം എന്നറിഞ്ഞാൽ 9 A M. കൊള്ളാം.

ശ്രീ. മറ്റപ്പള്ളി മജീദു്: അവരുടെ പേരിൽ ശക്തമായ നടപടികളും എടുക്കണമെന്നാണു് ഞങ്ങളുടെ അഭിപ്രായം.

മി. സ്പീക്കർ: ഇതിനുമുമ്പുചെയ്തുപോലെ അതിനെ സംബന്ധിച്ചു പാർട്ടി നേതാക്കന്മാരെയെല്ലാം വിളിച്ചു് ആലോചിച്ചതിനുശേഷം ഒരു തീരുമാനം എടുക്കാമെന്നാണു് ഞാൻ വിചാരിക്കുന്നതു്. അതു് നിങ്ങളെല്ലാവരും സമ്മതിക്കുന്നുണ്ടോ?

(The House agreed)

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്): ഇവിടെ വന്നു ബഹളം ഉണ്ടാക്കിയവർ ഏതു് രാജ്യക്കാരാണു്?

(ഉത്തരം പറഞ്ഞില്ല)

ADJOURNMENT MOTIONS

മി. സ്പീക്കർ: നാലഞ്ചു അടിയന്തിരപ്രമേയങ്ങൾക്കു് നോട്ടീസു് കിട്ടിയിട്ടുണ്ടു്. അവ താഴെപ്പറയുന്നവയാണു്.

കോളേജു് വിദ്യാർത്ഥികളും, ടാൻസ്റ്റോർട്ട കോർപ്പറേഷൻ ജീവനക്കാരും തമ്മിൽ ഈയിടെ കൊച്ചിയിൽ വെച്ചുണ്ടായ സംഘട്ടനത്തെത്തുടർന്നുണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ചർച്ചചെയ്യാൻ സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനു് ശ്രീ. അലക്സാണ്ടർ പറമ്പിത്തറ ഒരു അടിയന്തിരപ്രമേയത്തിനു് നോട്ടീസു് നൽകിയിട്ടുണ്ടു്.

ഭരണഘടനാദത്തമായ അധികാരം ഉപയോഗിച്ചു് ഭരണഘടനയെ തകർക്കുകയാണു് തന്റെ കക്ഷിയുടെ ലക്ഷ്യമെന്നു് 8-7-1969-ൽ മുഖ്യമന്ത്രി പ്രസ്താവിച്ചതായി പത്രങ്ങളിൽ വന്ന പ്രസ്താവനമൂലം സംജാതമായിട്ടുള്ള ഗുരുതരാവസ്ഥ ചർച്ചചെയ്യാൻ സഭാനടപടികൾ നിറുത്തിവയ്ക്കുന്നതിനു് ശ്രീ. കെ. കരുണാകരൻ ഒരു നോട്ടീസു് നൽകിയിട്ടുണ്ടു്.

അഖിലകേരള പ്രൈവറ്റ് കോളേജു് ടീച്ചേഴ്സു് അസോസിയേഷൻ ആരംഭിച്ചിട്ടുള്ള സത്യഗ്രഹംമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം ചർച്ച ചെയ്യാൻ സഭാനടപടികൾ നിറുത്തിവയ്ക്കുന്നതിനു് ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള, ശ്രീ. എ. പി. കുര്യൻ എന്നിവർ നോട്ടീസു് നൽകിയിട്ടുണ്ടു്.

കൊല്ലം ഫാത്തിമാ കോളേജിലെ ചില അദ്ധ്യാപകരുടെ നേരെയും വിദ്യാർത്ഥികളുടെ നേരെയും സ്റ്റോറിലെ മറ്റു പല ഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ നേരെയും പോലീസു് നടത്തിയ ലാത്തിച്ചാർജ്ജുമൂലം സംജാതമായിട്ടുള്ള ഗുരുതരാവസ്ഥ ചർച്ചചെയ്യാൻ സഭാനടപടികൾ നിറുത്തിവെയ്ക്കുന്നതിനു് ശ്രീ. ആർ. എസ്. ഉണ്ണി, ശ്രീ. സി. ബി. സി. വാര്യർ, ശ്രീ. എൻ. കെ. ശേഷൻ, ശ്രീ. പി. രവീന്ദ്രൻ, ശ്രീ. ടി. എ. മജീദു്, ശ്രീ. കെ. എം. ജോർജ്ജു്, ശ്രീ. ടി. കെ. രാമകൃഷ്ണൻ, ശ്രീ. എ. എസ്. എൻ. നമ്പീശൻ എന്നിവർ നോട്ടീസു് നൽകിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ സംഗീതവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ നടത്തിവരുന്ന സമരപരിപാടിമൂലം ഉളവായിട്ടുള്ള ഗുരുതരാവസ്ഥ ചർച്ചചെയ്യാൻ സമാനടപടികൾ നിറുത്തിവയ്ക്കുന്നതിന് ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള, ശ്രീ. ടി. കെ രാമകൃഷ്ണൻ, ശ്രീ. എ. എസ്. എൻ നമ്പീശൻ, ശ്രീ. കെ. എ. ശിവരാമഭാരതി എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

(i) *Clash between the Students and the employees of the Kerala Road Transport Corporation at Cochin.*

കോളേജ് വിദ്യാർത്ഥികളും ട്രാൻസ്പോർട്ട് കോർപ്പറേഷൻ തൊഴിലാളികളും തമ്മിൽ കൊച്ചിയിൽവെച്ചുണ്ടായ സംഘട്ടനത്തെത്തുടർന്നുണ്ടായ ഗുരുതരാവസ്ഥയെ സംബന്ധിച്ച് മന്ത്രിക്കു സംസാരിക്കാം.

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) : സർ, ഇന്നലെ വിദ്യാർത്ഥികളുടെ ആക്ഷൻ കൗൺസിൽ പ്രതിനിധികളും ഈ സഭയിലെ ഒരു മെമ്പരായ ബഹുമാനപ്പെട്ട ശ്രീ. ലൂയിസും കൂടി എന്നെ വന്നു കാണുകയുണ്ടായി. അവർ എന്നെ വന്നു കാണുന്നതിനുമുമ്പുതന്നെ ഇതുസംബന്ധിച്ച റിപ്പോർട്ട് എനിക്കു കിട്ടിയിരുന്നു. ആ റിപ്പോർട്ട് അനുസരിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. അവിടെ നടന്ന സംഭവം ഏറ്റവും ഖേദകരമാണ്. വിദ്യാർത്ഥികൾ ഒരു ഭാഗത്തും; മറുഭാഗത്തു തൊഴിലാളികളും കൂടെ തെറ്റായ നിലപാടിലേക്കു നീങ്ങുകയാണ് ചെയ്തത്. എന്തായാലും ഇങ്ങനെയുള്ള സംഭവം മേലിൽ ഉണ്ടാകാൻ പാടില്ലാത്തതാണ്. ഗവണ്മെൻറിനു രണ്ടു വിഭാഗത്തിൽപ്പെട്ട ആളുകളോടും വളരെ സ്നേഹത്തോടുകൂടി പെരുമാറണമെന്നുള്ളതാണ് ആഗ്രഹം. പ്രത്യേകിച്ച് വിദ്യാർത്ഥികളോട്, തൊഴിലാളികളിൽനിന്നും വന്നിട്ടുള്ള അപാകതകളെക്കുറിച്ച് ബോദ്ധ്യമുള്ളതുകൊണ്ട് അവരുടെ പേരിൽ എടുക്കേണ്ടതായ തക്കതായ നടപടികളും ട്രാൻസ്പോർട്ട് കോർപ്പറേഷനിൽനിന്നും എടുക്കുമെന്നു ഉറപ്പു നൽകിയിട്ടുണ്ട്. അതിനും പുറമെരണ്ടു ഭാഗത്തും നടത്തിയ പ്രവൃത്തികളെ സംബന്ധിച്ചിടത്തോളം, ക്രമസമാധാന പാലനത്തിന്റെ പേരിൽ എടുത്തിട്ടുള്ള പ്രോസിക്യൂഷൻ നടപടികൾ പിൻവലിക്കുന്നതിനു ഗവണ്മെൻറിനു സാദ്ധ്യമാണോ എന്നാലോചിച്ച് എടുക്കാമെന്നും ഉറപ്പു നൽകിയിട്ടുണ്ട്. മേലിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനും, ആളുകൾ വികാരരഹിതരായി തെറ്റായ വഴികളിലേക്കു പോകാതിരിക്കുന്നതിനും വേണ്ടി വിദ്യാർത്ഥികളുടെ പ്രതിനിധികളും, കോളേജ് അധികൃതന്മാരും, നാട്ടുമുഖ്യന്മാരും ചേർന്ന് ഒരു കൗൺസിൽ ഉണ്ടാക്കാമെന്നും ഉറപ്പു നൽകിയിട്ടുണ്ട്. അങ്ങനെ കൗൺസിൽ ഉണ്ടാക്കുകയാണെങ്കിൽ ഇത്തരം സംഭവങ്ങൾ വരുമ്പോൾ ആ കൗൺസിലിൽ വച്ച് ചർച്ചചെയ്തു തീരുമാനം എടുക്കാവുന്നതാണ്. നിവേദനം നടത്താൻ വന്ന ബഹുമാനപ്പെട്ട എം. എൽ. എ. ശ്രീ. ലൂയിയും മറ്റംഗങ്ങളും വളരെ സന്തോഷത്തോടുകൂടി തങ്ങൾ എടുക്കാൻ പോകുന്ന നടപടികൾ പിൻവലിക്കുന്നതാണെന്നു എനിക്കു എഴുതിത്തന്നിട്ടുണ്ട്. അതുകൊണ്ട് ഇതു ഇവിടെ അടിയന്തിര പ്രമേയമായി ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : എറണാകുളം ഡിസ്ട്രിക്ട് കളക്ടർ നടത്തിയ അന്വേഷണത്തിൽ ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. അതെല്ലാം നടപ്പിൽ വരുത്താൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : എറണാകുളം ഡിസ്ട്രിക്ട് കളക്ടറുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം അതിൽ എടുക്കേണ്ട നടപടികളെ സംബന്ധിച്ചിടത്തോളം കൂടിയാലോചിച്ചു വരികയാണ്. കളക്ടർ അന്വേഷിച്ചപ്പോൾ രണ്ടു ഭാഗത്തും കുറെ ഉണ്ടെന്നു ബോദ്ധ്യപ്പെടുകയും അതിനെസംബന്ധിച്ചിടത്തോളമുള്ള റിപ്പോർട്ട് തരികയും ചെയ്തിട്ടുണ്ട്. എന്തായാലും എന്നെ കാണാൻ വന്നിട്ടുള്ളനിവേദകർ

LIBRARY ARCHIVES Kerala Legislative Assembly

സംഘത്തിനു് ഇനി വിഷമം കൂടാതെ കഴിച്ചുകൂട്ടാമെന്നുള്ള ഉറപ്പു നൽകിയതു കൊണ്ടും അതിൽ വേണ്ട നടപടികളും എടുക്കാൻ തീരുമാനിച്ചിരിക്കുന്നതുകൊണ്ടും ഇനി ഇക്കാര്യത്തിൽ ഒരു കുഴപ്പവും ഉണ്ടാകുന്നതല്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : അപ്പോൾ എല്ലാം തേഞ്ഞുമാഞ്ഞുപോയോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പോയി.

മി: സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഈ അടിയന്തിരപ്രമേയത്തിനു് അനുമതി നൽകുന്നില്ല.

Agritation by the Kerala Private College Teachers Association

മി: സ്പീക്കർ: അഖിലകേരള പ്രൈവറ്റു് കോളേജു് ടീച്ചേഴ്സു് അസോസിയേഷൻ ആരംഭിച്ചിട്ടുള്ള സത്യഗ്രഹമുലം ഉളവായിട്ടുള്ള സ്ഥിതിവിശേഷത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിക്കു് സംസാരിക്കാം.

ശ്രീ. കെ. കരുണാകരൻ : ഞാൻ കൊടുത്തിട്ടുള്ള അടിയന്തിരപ്രമേയത്തെ സംബന്ധിച്ചുകൂടി വിശദീകരണം കൊടുത്താൽ കൊള്ളാം.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) : സർ, കൊല്ലം ഫാത്തിമാകോളേജിൽനിന്നും പിരിച്ചുവിട്ട അദ്ധ്യാപകന്മാരെ തിരിച്ചെടുക്കുന്നതിനും മറ്റു കോളേജുകളിലെ അദ്ധ്യാപകന്മാർക്കു് സുരക്ഷിതത്വം ലഭിക്കുന്നതിനും വേണ്ടി പ്രൈവറ്റുകോളേജു് അദ്ധ്യാപകന്മാർ ഒരു സമരം നടത്തിവരികയാണു്. ഈ പ്രശ്നത്തിൽ ഗവണ്മെൻറിന്റെ നയം ഞാൻ മുമ്പു വ്യക്തമാക്കിയതാണു്. അദ്ധ്യാപകന്മാർക്കു് സുരക്ഷിതത്വം നൽകുന്നതിൽ ഗവണ്മെൻറു വളരെ മുന്നോട്ടു പോകുകയും അതിലേക്കു് ഒരു നിയമനിർമ്മാണംതന്നെ നടത്തുകയും ചെയ്ത കാര്യം ഈ സഭ ഓർക്കുന്നുണ്ടാകും. ആ നിയമനിർമ്മാണത്തിൽ ചിലതു് ഭേദഗതി ചെയ്തിരിക്കുകയാണെന്നുള്ള വസ്തുതയും ഈ സഭയ്ക്കു് അറിയാവുന്നതാണു്. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ ഈ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും മാർഗ്ഗം ഉണ്ടോയെന്നു് നോക്കുകയും, കൂടിയാലോചനകൾ വഴി പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യും. അതല്ല മറ്റേതെങ്കിലും വിധത്തിൽ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നു് ആരെങ്കിലും ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്തുകയാണെങ്കിൽ അതു് സ്വീകരിക്കാനും ഗവണ്മെൻറു തയാറാണെന്നു് ഞാൻ ഈ സന്ദർഭത്തിൽ അറിയിച്ചുകൊള്ളുന്നു.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള : വളരെ ഗുരുതരമായ സംവേവികാസങ്ങളിലേക്കു് വഴിതെളിക്കുന്ന ഒരു പ്രശ്നമാണിതു്, ആ നിലയ്ക്കു് മാനേജ്മെൻറുകളുടെ പ്രതിനിധികരളെയും മറ്റു ബന്ധപ്പെട്ട ആളുകളേയും വിളിച്ചുവരുത്തി ഇന്നതന്നെ ഈ പ്രശ്നത്തിനൊരു പരിഹാരം കാണാൻ ശ്രമിക്കുമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : അങ്ങനെ ചെയ്യാം.

മി: സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഞാൻ ഈ അടിയന്തിരപ്രമേയത്തിനു് അനുമതി നൽകുന്നില്ല.

(iii) *Lathi Charge on the Students and a few of the Teachers in the Fathima Mata College*

മി: സ്പീക്കർ : കൊല്ലം ഫാത്തിമാ കോളേജിലെ ചില അദ്ധ്യാപകന്മാരുടെ നേരെയും വിദ്യാർത്ഥികളുടെ നേരെയും സ്റ്റേറിലെ മറ്റു പല ഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ നേരെയും പോലീസു് നടത്തിയ ലാത്തിച്ചാർജ്ജു് മൂലം സംജാതമായിട്ടുള്ള ഗുരുതരാവസ്ഥയെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു് സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly